പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1205 30.09.2011 ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

**ചോദ്യം**

**ശ്രീ. ബാബു.എം.പാലിശ്ശേരി**

എ) സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനും ഉള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമം/ചട്ടം എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി സഹകരണ സംഘം രജിസ്റ്റർ ചെയ്യണം.

1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4,5,6,7 പ്രകാരവും കേരള സഹകരണ സംഘം ചട്ടം 3,4 എന്നിവ പ്രകാരവും സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും താഴെ പറയും പ്രകാരമാണ്.

നിർദ്ദിഷ്ട സംഘത്തിൽ വ്യക്തികൾ മാത്രമാണ് അംഗങ്ങളെങ്കിൽ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം. സംഘമോ വ്യക്തി സംഘടനകളോ അംഗങ്ങളായിട്ടുണ്ടെങ്കിൽ ഇതിലേക്ക് അധികാരം ലഭിച്ചയാൾ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും അപേക്ഷയിൽ ഒപ്പ് വയ്ക്കണം. സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒന്നാം നമ്പർ ഫാറത്തിൽ 2 പ്രതികൾ തയ്യാറാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്നവ കൂടി സമർപ്പിക്കേണ്ടതാണ്.

1) സംഘത്തിന്റെ നിർദ്ദിഷ്ട ബൈലോയുടെ 3 പകർപ്പുകൾ.
2) നിർദ്ദിഷ്ട സംഘത്തിന് സാമ്പത്തിക ഭദ്രതയോടു കൂടി പ്രവർത്തിക്കുവാൻ കഴിയുമെന്ന് കാണിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട്.
3) അപേക്ഷകരുടെ പേര്, വയസ്, തൊഴിൽ, വിലാസം എന്നിവ ഉൾക്കൊള്ളുന്ന പട്ടികയുടെ 2 പകർപ്പുകൾ.
4) സംഘം രൂപീകരിക്കുന്നതിനുള്ള ആലോചനാ യോഗത്തിന്റെ മിനിട്ട്സ് (ഈ യോഗത്തിൽ ഒരു പ്രൊമോട്ടിംഗ് കമ്മിറ്റിയേയും ചീഫ് പ്രൊമോട്ടറേയും തെരഞ്ഞെടുക്കണം)
5) നിർദ്ദിഷ്ട സംഘം, വനിതാ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നതാണെങ്കിൽ ഫീസിനത്തിൽ 50/- രൂപയും, മറ്റ് വിഭാഗത്തിലാണെങ്കിൽ 500/- രൂപയും ട്രഷറിയിലൊടുക്കി അസൽ ചെലാൻ സമർപ്പിക്കണം.
6) നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ ബാങ്കിലോ, ബാങ്കുകളിലോ ബാക്കി നിൽപ്പുള്ള തുകകൾ വിശദമാക്കുന്നതിന് അവയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
7) പ്രവേശന ഫീസും, ഓഹരി സംഖ്യയും നൽകിയിട്ടുള്ള വ്യക്തികളുടെ പേരും അവർ നൽകിയ തുകയും വ്യക്തമാക്കുന്ന പട്ടികയുടെ രണ്ട് പകർപ്പുകൾ.

ഒന്നിൽ കൂടുതൽ ജില്ലകൾ പ്രവർത്തന പരിധിയായുള്ള സംഘമാണെങ്കിൽ, നിർദ്ദിഷ്ട സംഘത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം അപേക്ഷ സഹകരണ സംഘം രജിസ്ട്രാർക്കും, ഒരു ജില്ലയോ അതിലുൾപ്പെട്ട പ്രദേശം മാത്രമോ പ്രവർത്തന പരിധിയായുള്ള സംഘമാണെങ്കിൽ, നിർദ്ദിഷ്ട സംഘത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം ജില്ലാ ജോയിന്റ് രജിസ്ട്രാർക്കുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ രജിസ്റ്റേർഡ് തപാലായോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്. രജിസ്ട്രാർ അപേക്ഷ പരിശോധിച്ച് 90 ദിവസങ്ങൾക്കുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതും, സംഘം രജിസ്റ്റർ ചെയ്യുന്ന പക്ഷം രജിസ്ട്രാർ കൈയൊപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

ബി) വിവിധ മേഖലകളിലായി എത്ര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വിവിധ മേഖലകളിലായി 31.03.2011-ലെ കണക്ക പ്രകാരം ആകെ 10,241 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അപ്പക്സ് സംഘങ്ങൾ/ബാങ്കുകൾ | 10 |
| 2. | ഫെഡറൽ സംഘങ്ങൾ | 3 |
| 3. | സെൻട്രൽ ബാങ്കുകൾ | 14 |
| 4. | വായ്പ സംഘങ്ങൾ/ബാങ്കുകൾ | 3260 |
| 5. | കൺസ്യൂമർ സംഘങ്ങൾ | 4066 |
| 6. | മാർക്കറ്റിംഗ്/പ്രോസസിംഗ് സംഘങ്ങൾ | 247 |
| 7. | പലവക സംഘങ്ങൾ | 2641 |
| | ആകെ | 10,241 |

സി) സഹകരണ സംഘം നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സി) സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് സഹകരണ നിയമത്തിലും ചട്ടത്തിലുമുള്ള വ്യവസ്ഥകൾ പ്രകാരം അന്വേഷിച്ച് നടപടി സ്വീകരിക്കുന്നുണ്ട്.

സംഘങ്ങളുടെ ആഡിറ്റിലൂടെയും, ഉദ്യോഗസ്ഥരുടെ പരിശോധനയിലൂടെയും, കൂടാതെ സംഘങ്ങൾക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിലൂടെയും കണ്ടെത്തുന്ന ക്രമക്കേടുകളിൽ ഉചിതമായ നടപടി സഹകരണ നിയമപ്രകാരം യഥാസമയം കൈക്കൊള്ളുന്നുണ്ട്.

സെക്ഷൻ ഓഫീസർ